പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.314 — 28.05.2019 ൽ മറുപടിക്ക്

## നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ആരോഗ്യവകുപ്പ് പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ബഹുനില മന്ദിരം എം.എൽ.എ ഫണ്ടും ആരോഗ്യവകുപ്പിന്റെ ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ചു. ചുറ്റുമതിൽ നിർമ്മാണവും പവർലോൺട്രി കെട്ടിടവും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും നിർവഹിച്ചു.എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു.ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കൊട്ടാരം വാർഡ് നവീകരണം നടന്നു കൊണ്ടിരിക്കുന്നു.<br><br>നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളിൽ മാണിക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന് 50 ലക്ഷം രൂപ മുടക്കി പുതിയ കെട്ടിടം നിർമ്മിച്ചു.മാണിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ 2018-19 ൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി 27 ലക്ഷം രൂപ വകയിരുത്തി വിപുലീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വെമ്പായം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ആർദ്രം പദ്ധതി പ്രകാരം പ്രവർത്തികൾ നടത്തി വരുന്നു. കന്യാകുളങ്ങര സി.എച്ച്.സി യിലെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുവാൻ ബഹു.എം.എൽ.എ യുടെ ഫണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർ 145.09344 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി, ഇതിൻ പ്രകാരം കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനായുള്ള അനുമതിക്കായി സമർപ്പിച്ച സർവ്വേ റിപ്പോർട്ടും അനുബന്ധ രേഖകളും സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം തസ്തിക സൃഷ്ടിച്ചുവെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് ഇൻ പീഡിയാട്രിക്സ്-1, ജൂനിയർ കൺസൾട്ടന്റ് ഇൻ സർജറി-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് .<br>ആർദ്രം പദ്ധതിയിൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നിന്ന് കുടുംബാരോഗ്യകേന്ദ്രമാക്കാനുള്ള സ്ഥാപനങ്ങൾ 2018-19 ലാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇവിടങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ